ചുരുക്കത്തിൽ

ഇടിയോടുകൂടിയ ഒറ്റപ്പെട്ട മഴയ്ക്കും കാറ്റിനും സാധ്യത

തിരുവനന്തപുരം

തിങ്കൾ മുതൽ വ്യാഴംവരെ കേരളത്തിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാവകുപ്പ്. 30 മുതൽ 40 കിലോമീറ്റർവരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. ചൊവ്വ കോഴിക്കോട്, വയനാട് ജില്ലകളിലും ബുധൻ ഇടുക്കിയിലും വ്യാഴം വയനാട്ടിലും മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

കേരളം, കർണാടകം, ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടിത്തത്തിന് തടസ്സമില്ല.

വിദേശയാത്ര വികസനം നടപ്പാക്കാൻ: മുഹമ്മദ് റിയാസ്

കോഴിക്കോട്

മന്ത്രിമാർ വിദേശയാത്ര നടത്തുന്നത് വിവിധ രാജ്യങ്ങളെ നേരിട്ടറിഞ്ഞ് വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കാനാണെന്നും അതൊരു മോശം കാര്യമല്ലെന്നും മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും നിരവധി വിദേശയാത്ര നടത്തുന്നുണ്ട്. അതുപോലെയാണ് സംസ്ഥാന മന്ത്രിമാരുടെ യാത്രകളും. കേരളത്തിലെ മന്ത്രിമാർ വിദേശയാത്ര നടത്തുന്നത് ആദ്യമായല്ലെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

എൻഎഫ്പിഇയുടെ അംഗീകാരം പുനഃസ്ഥാപിക്കണം

ഭോപാൽ

ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയന്റെ ദ്വിദിന കേന്ദ്ര പ്രവർത്തക സമിതി യോഗം ഭോപാലിൽ സമാപിച്ചു. തപാൽ ജീവനക്കാരുടെ സംഘടനയായ എൻഎഫ്പിഇ സംഘടനയുടെ അംഗീകാരം പുനഃസ്ഥാപിക്കുക, ശമ്പള പരിഷ്കരണം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പ്രക്ഷോഭം സംഘടിപ്പിക്കാൻ സമിതി തീരുമാനിച്ചു.

പ്രസിഡന്റ് അനിമേഷ് മിത്ര അധ്യക്ഷനായി. ജനറൽ സെക്രട്ടറി പി അഭിമന്യു പ്രവർത്തന റിപ്പോർട്ടും ട്രഷറർ ഇർഫാൻ പാഷ കണക്കും അവതരിപ്പിച്ചു. കേരളത്തിൽനിന്ന് സർക്കിൾ സെക്രട്ടറി എം വിജയകുമാർ, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി കെ എൻ ജ്യോതിലക്ഷ്മി, ഓർഗനൈസിങ് സെക്രട്ടറി പി മനോഹരൻ എന്നിവർ സംസാരിച്ചു.

തെളിവെടുപ്പ് ഇന്ന് തുടങ്ങും

തിരുവനന്തപുരം

വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിന് കെഎസ്ഇബി സമർപ്പിച്ച ഹർജിയിൽ റെഗുലേറ്ററി കമീഷൻ പൊതുതെളിവെടുപ്പ് തിങ്കളാഴ്ച ആരംഭിക്കും. പകൽ 11ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിലാണ് ആദ്യ തെളിവെടുപ്പ്. ചൊവ്വ പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാൾ, ബുധൻ എറണാകുളം നോർത്ത് ടൗൺഹാൾ, 15ന് തിരുവനന്തപുരം വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാൾ എന്നിവിടങ്ങളിലാണ് സിറ്റിങ്. പൊതുജനങ്ങൾക്ക് നേരിട്ട് അഭിപ്രായങ്ങൾ സമർപ്പിക്കാം.

kserc@erckerala.org മുഖേനയും സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമീഷൻ, കെപിഎഫ്സി ഭവനം, സി വി രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം വിലാസത്തിലും 15ന് വൈകിട്ട് അഞ്ചുവരെ അഭിപ്രായങ്ങൾ സ്വീകരിക്കും.

■ ഭിന്നശേഷി സൗഹൃദ കേരളം

ഓട്ടിസം കുട്ടികൾക്ക് കോളേജുകളിൽ പ്രത്യേക സംവരണം

ആൻസ് ട്രീസ ജോസഫ്

തിരുവനന്തപുരം

■ ഓട്ടിസം, ബുദ്ധിവൈകല്യം, പഠനവൈകല്യം, മാനസിക വെല്ലുവിളി എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ പഠനാവസരം ലഭ്യമാക്കുന്നതിനാണ് തീരുമാനം

പഠനവൈകല്യമുള്ളവർക്ക് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രത്യേക സീറ്റ് അനുവദിച്ച് ഉത്തരവായി. ഓട്ടിസം, ബുദ്ധിവൈകല്യം, പഠനവൈകല്യം, മാനസിക വെല്ലുവിളി എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ പഠനാവസരം ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് സർക്കാർ തീരുമാനം. ഈ അധ്യയനവർഷംമുതൽ ബിരുദ കോഴ്സുകളിൽ പരമാവധി മൂന്നു സീറ്റും ബിരുദാനന്തര ബിരുദത്തിന് ഒരു സീറ്റുമാണ് അനുവദിച്ചത്.

ഓട്ടിസം, ബുദ്ധിവൈകല്യം, പഠനവൈകല്യം, മാനസിക വെല്ലുവിളി എന്നിവയെ ഒറ്റ യൂണിറ്റായി പരിഗണിച്ച് മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം. വിദ്യാർഥികൾക്ക് താൽപ്പര്യമുള്ള കോഴ്സും കോളേജും തെരഞ്ഞെടുക്കാൻ സൗകര്യമൊരുക്കും.

നിലവിൽ ഈ വിദ്യാർഥികൾക്ക് ഭിന്നശേഷി (പിഡബ്ല്യുഡി) സംവരണത്തിൽ ഉൾപ്പെടുത്തിയാണ് പ്രവേശനം. പ്രത്യേക സംവരണമുണ്ടായിരുന്നത് കലിക്കറ്റ് സർവകലാശാലയിൽ മാത്രമായിരുന്നു. പുതിയ തീരുമാനം വിദ്യാർഥികൾക്ക് കലാലയാന്തരീക്ഷം സാധ്യമാക്കും. ഇതോടെ പഠനത്തിനൊപ്പം സാമൂഹികവികാസവും ലഭ്യമാക്കുമെന്നാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രതീക്ഷ. ഭിന്നശേഷിക്കാരായ വിദ്യാർഥികളുടെ തുല്യതയും പ്രാപ്തിയും ഉറപ്പാക്കാനുള്ള നടപടികളുണ്ടാകണമെന്ന് ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമീഷൻ ശുപാർശ ചെയ്തിരുന്നു.

വിദ്യാർഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ കോഴ്സുകളുടെ രൂപകൽപ്പന, പരീക്ഷയെഴുതാൻ സാങ്കേതികവിദ്യയുടെ സഹായം, സർവകലാശാല, കോളേജ് സമിതികളിൽ ഭിന്നശേഷി പ്രാതിനിധ്യം തുടങ്ങിയവയും ഉടൻ നടപ്പാക്കിയേക്കും. സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് സമഗ്ര ഭിന്നശേഷി നയം തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുകയാണ്.

അരിക്കൊമ്പൻ റേഞ്ചിലുണ്ട്: കെട്ടിച്ചമയ്ക്കുന്നത് ഇല്ലാക്കഥകൾ

കെ എ അബ്ദുൾ റസാഖ്

കുമളി

അരിക്കൊമ്പൻ വിഷയത്തിൽ കേരളത്തിലെ ചില മാധ്യമങ്ങൾ ഇല്ലാക്കഥകൾ കെട്ടിച്ചമയ്ക്കുന്നത് തമിഴ്നാട് അതിർത്തിയിൽ പരിഭ്രാന്തിയുണ്ടാക്കുന്നു. ഞായറാഴ്ച കേരള വനാതിർത്തിയിൽ മേഘമലയിലാണ് അരിക്കൊമ്പൻ നിലയുറപ്പിച്ചത്. ഇവിടെ ആക്രമണം നടത്തിയതായി അധികൃതരുടെ റിപ്പോർട്ടിൽ ഇല്ല. എന്നാൽ, മേഘമല ജനവാസ കേന്ദ്രങ്ങളിൽ അരിക്കൊമ്പൻ ആക്രമണം നടത്തുന്നത് ജനങ്ങളെ ഭീതിപ്പെടുത്തുന്നതായി ചില മലയാള മാധ്യമങ്ങൾ നൽകിയ വാർത്ത അതേപടി ചില തമിഴ് മാധ്യമങ്ങളിലും വന്നത് പ്രശ്നം വഷളാക്കി. ഇതോടെ മേഘമലയിലേക്കുള്ള വിനോദസഞ്ചാരികളെ രണ്ടുദിവസമായി തമിഴ്നാട് അധികൃതർ തടഞ്ഞു.

ആന മേഘമലയിൽ വീടും തമിഴ്നാട് ഫോറസ്റ്റ് വാഹനവും തകർത്തെന്ന് മാധ്യമങ്ങൾ വാർത്ത നൽകി. ക്രമസമാധാന തകർച്ചയെ തുടർന്ന് അവിടെ 144 പ്രഖ്യാപിച്ചതായും വാർത്ത വന്നു. അതിർത്തി പങ്കിടുന്ന കടുവാ സങ്കേതങ്ങളായ പെരിയാർ കടുവാ സങ്കേതവും മേഘമല കടുവാ സങ്കേതവും യോജിച്ച പ്രവർത്തനങ്ങൾ നടത്തുന്നതിനിടയാണ് ഒരു വിഭാഗം മാധ്യമങ്ങൾ തെറ്റിദ്ധാരണ പരത്തുന്നത്.

സർക്കാർ നിലപാട് ശരിയെന്ന് തെളിയുന്നു: മന്ത്രി എ കെ ശശീന്ദ്രൻ

കോഴിക്കോട്

അരിക്കൊമ്പനെ കുങ്കിയാനയാക്കാനുള്ള സർക്കാരിന്റെ നിലപാട് ശരിവയ്ക്കുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നതെന്ന് വനംമന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. വീണ്ടും ജനവാസമേഖലയ്ക്ക് സമീപം ആന ഇറങ്ങുന്നുണ്ട്. ആനയെ പിടികൂടി കുങ്കിയാനയാക്കാനുള്ള നീക്കത്തിൽനിന്ന് കോടതി നിർദേശങ്ങൾ മാനിച്ചാണ് പിൻവാങ്ങിയത്. റേഡിയോ കോളറിൽനിന്ന് സിഗ്നൽ വിവരം കൃത്യമായി അവരെ അറിയിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

■ സിഎജിയുടെ അന്തിമ കണക്കുകളായി

തനത് വരുമാനത്തിൽ കുതിപ്പ്

ജി രാജേഷ്കുമാർ

തിരുവനന്തപുരം

- തനത് നികുതിയിൽ റെക്കോഡ് വർധന
- നികുതിയേതര വരുമാനവും ഉയർന്നു, റവന്യുച്ചെലവും കടവും കുറഞ്ഞു
- റവന്യു, ധന കമ്മികൾ കുത്തനെ താഴ്ന്നു

കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ റവന്യു വരുമാനം കുതിച്ചുയർന്നതായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി). റവന്യുച്ചെലവ് ഗണ്യമായി കുറച്ചു. കടമെടുപ്പിൽ വലിയ നിയന്ത്രണം കൊണ്ടുവരാനായി. ധനക്കമ്മിയും റവന്യു കമ്മിയും കുത്തനെ താഴ്ന്നു. സിഎജി പുറത്തുവിട്ട കണക്കുകൾ കേരളത്തിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങൾ ശരിയായ പാതയിലാണെന്ന് വ്യക്തമാക്കുന്നു.കഴിഞ്ഞവർഷം ബജറ്റിൽ പ്രഖ്യാപിച്ച തനത് വരുമാന ലക്ഷ്യം കൈവരിച്ചു. അരനൂറ്റാണ്ടിലെ മികച്ച നേട്ടമാണിത്. 1,34,098 കോടി രൂപ ലക്ഷ്യമിട്ടതിൽ 1,32,537 കോടിയും സമാഹരിച്ചു. 1571 കോടിയുടെമാത്രം കുറവ്. നേട്ടം 99 ശതമാനം. മുൻവർഷം 89. നികുതിയിൽ ലക്ഷ്യമിട്ട 91,818 കോടിയിൽ 90,230 കോടി ലഭിച്ചു. 98 ശതമാനം. മുൻവർഷം 90.

സംസ്ഥാനത്തിന് പൂർണ നിയന്ത്രണമുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, ഭൂനികുതി, വിൽപ്പന നികുതി, എക്സൈസ് നികുതി എന്നിവയെല്ലാം മുന്നേറി. സ്റ്റാമ്പ് ഡ്യൂട്ടിയിൽ 133 ശതമാനമാണ് വർധന. 4687 കോടി ലക്ഷ്യമിട്ട് 6217 കോടി സമാഹരിച്ചു. ഭൂനികുതി 510 കോടി കണക്കാക്കിയതിൽ 210 കോടി അധികം ലഭിച്ചു. 141 ശതമാനം നേട്ടം. വിൽപ്പന നികുതി സമാഹരണം 108 ശതമാനത്തിലെത്തി. മുൻവർഷം 97 ശതമാനവും. 24,965 കോടി ലക്ഷ്യമിട്ടപ്പോൾ 26,913 കോടി സമാഹരിച്ചു. എക്സൈസ് നികുതി നേട്ടം 108 ശതമാനമാണ്. ലക്ഷ്യമിട്ടത് 2653 കോടി. സമാഹരിച്ചത് 2876 കോടി. മറ്റ് നികുതികളിലും തീരുവകളിലും 130 ശതമാനമാണ് നേട്ടം. 5798 കോടി ലഭിച്ചു. ലക്ഷ്യമിട്ടത് 4462 കോടിയും.

ബജറ്റ് ലക്ഷ്യത്തിന്റെ 110 ശതമാനമാണ് കഴിഞ്ഞവർഷം കേന്ദ്ര നികുതിവിഹിതം ലഭിച്ചത്. മുൻവർഷം 150 ശതമാനവും. കേന്ദ്രസഹായങ്ങളിൽ 3225 കോടി കുറഞ്ഞു. 30,510 കോടി പ്രതീക്ഷിച്ചിടത്ത് കിട്ടിയത് 27,285 കോടി. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ 128 ശതമാനമാണ് നേട്ടം. ലക്ഷ്യം 11,770 കോടി. സമാഹരിച്ചത് 15,021 കോടി.

ജിഎസ്ടിയിൽ കേന്ദ്ര ഇടപെടൽ തിരിച്ചടി

ജിഎസ്ടിയിൽ 42,637 കോടി ലക്ഷ്യമിട്ടെങ്കിലും ലഭിച്ചത് 34,642 കോടി. 7995 കോടി കുറഞ്ഞു. നഷ്ടപരിഹാരം കേന്ദ്രം നിർത്തലാക്കിയതാണ് കാരണമെന്ന് വ്യക്തം. മൊത്തം വരുമാനത്തിൽ മുൻവർഷത്തേക്കാൾ 10 ശതമാനം വളർച്ചനേടി. കഴിഞ്ഞവർഷം 81 ശതമാനം സമാഹരിച്ചപ്പോൾ 2021–22ൽ 71 ആയിരുന്നു.

റവന്യുച്ചെലവ് നാലിലൊന്ന് കുറഞ്ഞു

തിരുവനന്തപുരം

റവന്യു, ധന കമ്മികൾ കുത്തനെ കുറയ്ക്കാൻ കഴിഞ്ഞ സാമ്പത്തികവർഷം കേരളത്തിന് കഴിഞ്ഞു. ബജറ്റിലെ മതിപ്പു ചെലവ് 1,68,522 കോടിയാണ്. യഥാർഥചെലവ് 1,39,360 കോടിയും. 29,162 കോടി (27 ശതമാനം) കുറയ്ക്കാനായി. ശമ്പളവും പെൻഷനും പലിശയും സബ്സിഡിയും ഒഴികെയുള്ള റവന്യുച്ചെലവുകളിൽ നാലിലൊന്ന് ലാഭിച്ചു. 69,148 കോടി പ്രതീക്ഷിച്ചു. 50,464 കോടിയിൽ നിർത്തി.

റവന്യു കമ്മി കുത്തനെ താഴ്ന്നു. 32,424 കോടിയാണ് ബജറ്റിൽ പ്രതീക്ഷിച്ചതെങ്കിൽ അന്തിമ കണക്കിൽ 6823 കോടി മാത്രം. 20 ശതമാനത്തിൽ ഒതുങ്ങി. മുൻവർഷം 26,582 കോടിയായിരുന്നു. 83 ശതമാനം. ധനകമ്മിയിൽ 32,447 കോടി കുറച്ചു. പ്രതീക്ഷിച്ചത് 55,120 കോടി. എജിയുടെ കണക്കിൽ 22,673 കോടി– 41 ശതമാനം. മുൻവർഷം 42,786 കോടിയായിരുന്നു– 82 ശതമാനം. പ്രാഥമിക കമ്മി ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ ആറു ശതമാനത്തിൽ ഒതുങ്ങി. 832 കോടി. കഴിഞ്ഞവർഷം ഇത് 80 ആയിരുന്നു.

■ കേരളപഠന കോൺഗ്രസ്

കേരളത്തിലെ കൃഷി: ത്രിദിന സെമിനാർ 20 മുതൽ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

എ കെ ജി പഠനഗവേഷണകേന്ദ്രം നേതൃത്വം നൽകുന്ന അഞ്ചാമത് അന്താരാഷ്ട്ര കേരളപഠന കോൺഗ്രസിന് മുന്നോടിയായി ‘കേരളത്തിലെ കൃഷി’ വിഷയത്തിൽ ത്രിദിന സംസ്ഥാന സെമിനാർ 20 മുതൽ 22 വരെ തൃശൂരിൽ നടക്കും. കേരള ബാങ്ക് ഓഡിറ്റോറിയത്തിൽ 20നു രാവിലെ ഒമ്പതിന് മന്ത്രി പി പ്രസാദ് ഉദ്ഘാടനംചെയ്യും. സെമിനാറിലെ സമ്മേളനങ്ങൾ സമീപത്തെ ദേവമാത സ്കൂളിലായിരിക്കും.

സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രതിസന്ധികളുടെ സൂക്ഷ്മ വിശകലനത്തിനും വികസനസാധ്യതകളുടെ വിലയിരുത്തലിനും സെമിനാർ വേദിയാകും. നൂറോളം സെഷനിലായി രണ്ടായിരത്തോളംപേർ ചർച്ചകളുടെ ഭാഗമാകുമെന്ന് പഠന കോൺഗ്രസ് അക്കാദമിക സമിതി ചെയർമാൻ എസ് രാമചന്ദ്രൻ പിള്ളയും സെക്രട്ടറി ഡോ. ടി എം തോമസ് ഐസക്കും അറിയിച്ചു.

ആദ്യദിനം മാതൃകാ കർഷകരും കാർഷിക സംരംഭകരും കൃഷിഭവൻ, തദ്ദേശ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ തുടങ്ങിയവയുടെ പ്രതിനിധികളും വിജയകരമായ ഇടപെടലുകളുടെ അനുഭവങ്ങൾ വിവരിക്കും. രണ്ടാംദിനം കാർഷിക നയങ്ങൾ, പ്രശ്നങ്ങൾ, സാധ്യതകൾ, സാങ്കേതികവിദ്യകൾ, സംഭരണ– വിപണന രീതികൾ തുടങ്ങിയ വിഷയങ്ങളിൽ അവതരണങ്ങൾ നടക്കും. ശാസ്ത്രജ്ഞർ, ഗവേഷകർ, ഉദ്യോഗസ്ഥർ, ഇതര സംസ്ഥാനങ്ങളിലെയും തെക്കുകിഴക്കൻ ഏഷ്യ, ചൈന എന്നിവിടങ്ങളിലെയും വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും. മൂന്നാംദിനം എല്ലാ ചർച്ചകളും ക്രോഡീകരിക്കും.

പങ്കെടുക്കുന്നവർക്ക് www.akgcentre.in വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാമെന്ന് കാർഷിക സെമിനാർ അക്കാദമിക സമിതി ചെയർമാൻ ഡോ. ആർ രാംകുമാറും കൺവീനർ ഡോ. എ പ്രേമയും അറിയിച്ചു. 20നു രാവിലെ എട്ടുമുതൽ സ്പോട്ട് രജിസ്ട്രേഷനുണ്ടാകും. വ്യക്തികൾക്ക് 500 രൂപയും സ്ഥാപനങ്ങൾക്ക് 2000 രൂപയുമാണ് ഫീസ്. സ്ഥാപനത്തിന് മൂന്നു പ്രതിനിധികളെവരെ പങ്കെടുപ്പിക്കാം.

കോലാഹലം വികസനനേട്ടങ്ങൾ മറയ്ക്കാൻ : എം വി ഗോവിന്ദൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങളെ തമസ്കരിക്കാനുള്ള ബോധപൂർവമായ പ്രചാരണങ്ങളാണ് നടക്കുന്നതെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ സംസ്ഥാന കമ്മിറ്റിക്കുശേഷം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വന, തീര, റവന്യു മേഖലയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പ്രശ്നങ്ങൾ മന്ത്രിമാർതന്നെ കേട്ട് പരിഹരിക്കുന്നു. ജല മെട്രോ പോലുള്ള വൻകിട പദ്ധതികൾ നടപ്പാക്കി. 100 ദിന പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഇരുപതിനകം പൂർത്തിയാക്കും.

ആഗോളവൽക്കരണ നയങ്ങൾക്ക് ബദലുയർത്തി മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിനെതിരെ പ്രധാനമന്ത്രിയടക്കം തിരിയുന്നു. പ്രതിപക്ഷ നേതാവും വലതുപക്ഷ മാധ്യമങ്ങളും ഇത്തരം വ്യാജപ്രചാരണവുമായി വരുന്നത് സർകാരിന്റെ രണ്ടാംവാർഷിക പരിപാടികളെ ദുർബലപ്പെടുത്താനാണ്. അതിന്റെ ഭാഗമായാണ് എഐ കാമറ വിവാദം ഉയർത്തുന്നത്. പ്രതിപക്ഷ നേതൃസ്ഥാനത്തിനുള്ള വടംവലിയും ഇതിനു പിന്നിലുണ്ടെന്ന് എം വി ഗോവിന്ദൻ പറഞ്ഞു.

ഫണ്ട് ശേഖരണം ആഗസ്ത് 15 മുതൽ

തിരുവനന്തപുരം

ആഗസ്ത് 15 മുതൽ പാർടി പ്രവർത്തന ഫണ്ട് പിരിക്കാൻ തീരുമാനിച്ചതായി സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. സംഘടനാപരമായ തെറ്റുതിരുത്തൽ പ്രക്രിയ പാർടിയിലുടനീളം നടക്കുന്നു. ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ സമ്മേളനവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കാൻ നിയോഗിച്ച കമീഷന്റെ റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകി. ആവശ്യമായ തിരുത്തലുകൾ വരുത്താൻ തീരുമാനിച്ചു.

കാവിവൽക്കരണത്തിനെതിരെ പ്രക്ഷോഭം

തിരുവനന്തപുരം

വിദ്യാഭ്യാസരംഗത്തെ കാവിവൽക്കരണത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ തീരുമാനിച്ചതായി സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വിദ്യാർഥികളടക്കം നടത്തുന്ന ക്യാമ്പയിനെ പിന്തുണയ്ക്കും. ചരിത്രം തമസ്കരിച്ച് പാഠഭാഗങ്ങളിൽ ഇല്ലാത്തവയെ ഉൾപ്പെടുത്തുന്നു. സവർക്കറെ സ്വാതന്ത്ര്യസമരത്തിന്റെ വക്താവാക്കാനാണ് ശ്രമം.

ഗാന്ധിവധവും മുഗൾവംശത്തിന്റെ ചരിത്രവും പാഠപുസ്തകങ്ങളിൽനിന്ന് ഒഴിവാക്കുന്നു. പരിണാമസിദ്ധാന്തം പഠിക്കേണ്ടെന്ന നിലപാടിലാണ് കേന്ദ്രം. ഇതൊന്നും കേരളത്തിൽ നടപ്പാക്കില്ലെന്നും എം വി ഗോവിന്ദൻ പറഞ്ഞു.

മണിപ്പുർ: പ്രശ്നങ്ങൾക്ക് ഉത്തരവാദി ആർഎസ്എസും ബിജെപിയും

തിരുവനന്തപുരം

മതനിരപേക്ഷതയിൽ വിഷം കലക്കാനുള്ള ആർഎസ്എസ് ശ്രമമാണ് മണിപ്പുരിലെ പ്രശ്നങ്ങൾക്ക് കാരണമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സമുദായങ്ങളെ തമ്മിലടിപ്പിക്കുകയെന്ന ആർഎസ്എസ് അജൻഡയാണ് അവിടെ നടപ്പാക്കിയത്. സംസ്ഥാനവും കേന്ദ്രവും ഭരിക്കുന്ന ബിജെപിയാണ് ഇതിന് മറുപടി പറയേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ക്രിസ്ത്യാനികളുടെ പിന്തുണ തേടാൻ ശ്രമിക്കുമ്പോൾ മണിപ്പുരിൽ അവരെ വേട്ടയാടുകയാണ്. മണിപ്പുർ കത്തുമ്പോൾ ഇവിടുത്തെ മാധ്യമങ്ങൾക്ക് വാർത്തയാകുന്നില്ല. സുബ്രതോ കപ്പ് കളിച്ച കുട്ടിയടക്കം മരിച്ചു. എംഎൽഎയുടെ ജീവൻപോലും അപകടത്തിലായ സാഹചര്യമാണ്. സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് മലയാളികളെ തിരിച്ചെത്തിക്കാൻ നടപടിയുണ്ടാകുമെന്നും എം വി ഗോവിന്ദൻ പറഞ്ഞു.

■ എഐ കാമറ: പ്രതിപക്ഷത്തിന്റെ മറ്റൊരു നുണകൂടി പൊളിഞ്ഞു

അൽഹിന്ദിന് സർക്കാർ നൽകിയ മറുപടി പുറത്ത്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

എഐ ക്യാമറ സംബന്ധിച്ച് ഉപകരാർ നൽകിയ അൽഹിന്ദ് കമ്പനിയുടെ പരാതിയിൽ വ്യവസായ വകുപ്പ് അന്വേഷണം നടത്തി മറുപടി നൽകിയതായി രേഖ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അൽഹിന്ദിന് 2021 ഡിസംബർ രണ്ടിന് അയച്ച മറുപടിക്കത്ത് ഞായറാഴ്ച പുറത്തുവന്നു. ഇതോടെ അൽഹിന്ദിന്റെ കത്തിൽ സർക്കാർ നടപടിയെടുത്തില്ലെന്ന പ്രതിപക്ഷത്തിന്റെ വാദം പൊളിഞ്ഞു.

2021 ഒക്ടോബർ 23നാണ് അൽഹിന്ദ് സർക്കാരിന് കത്തയച്ചത്. സുരക്ഷാനിക്ഷേപമായി എസ്ആർഐടിക്ക് നൽകിയ മൂന്നു കോടി രൂപ തിരിച്ചു നൽകാൻ സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെട്ടായിരുന്നു കത്ത്. പരാതി ലഭിച്ചയുടൻ വകുപ്പ് സെക്രട്ടറിയുടെ നിർദേശപ്രകാരം കെൽട്രോണിനോട് വിശദീകരണം തേടി. അൽഹിന്ദ് കെൽട്രോണുമായി നേരിട്ട് കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും എസ്ആർഐടിയുമായി മാത്രമാണ് കരാറെന്നുമായിരുന്നു കെൽട്രോണിന്റെ മറുപടി. കെൽട്രോൺ എസ്ആർഐടിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം പദ്ധതി വിജയകരമായി പൂർത്തിയാക്കി അഞ്ചു വർഷം കഴിഞ്ഞേ തുക കൊടുക്കാൻ കഴിയൂ. ഈ തുക തിരിച്ചു നൽകുന്നതും എസ്ആർഐടിക്കാണ്.

എസ്ആർഐടി കരാർ നൽകിയ കമ്പനികളുമായുള്ള തർക്കം അവർതന്നെ തീർക്കേണ്ടതാണെന്നും കെൽട്രോൺ അറിയിച്ചു. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് പ്രിൻസിപ്പൽ സെക്രട്ടറി അൽഹിന്ദിന് മറുപടി നൽകിയത്. മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയോ മറ്റേതെങ്കിലും പ്രശ്നം ചൂണ്ടിക്കാട്ടിയോ അൽഹിന്ദ് പിന്നീട് സർക്കാരിനെ സമീപിച്ചിട്ടില്ല. എഐ കാമറ ഇടപാട് അഴിമതിയെന്ന് സ്ഥാപിക്കാൻ പ്രതിപക്ഷ നേതാവ് വി ഡി സതീശനും സംഘവും ഉന്നയിക്കുന്ന ആരോപണങ്ങൾ ഓരോന്നായി പൊളിയുകയാണ്.

വി ഡി സതീശൻ ശനിയാഴ്ച പദ്ധതി നിർദേശത്തിന്റെ ഒരു ഭാഗം മാത്രമാണ് പുറത്തുവിട്ടത്. രണ്ടാം ഭാഗം മറച്ചുവച്ച് ആദ്യഭാഗത്തെ ചെലവ് മൊത്തം ചെലവായി അവതരിപ്പിക്കുകയായിരുന്നു.



അൽഹിന്ദിന് വ്യവസായ വകുപ്പ് നൽകിയ മറുപടി

കോടതിയെ സമീപിക്കുമെന്ന് സുധാകരൻ

തിരുവനന്തപുരം

എഐ കാമറ, കെ ഫോൺ വിഷയങ്ങളിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുമെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ. നിഷ്പക്ഷമായ ജുഡീഷ്യൽ അന്വേഷണത്തിലൂടെ മാത്രമെ കൂടുതൽ സത്യങ്ങൾ കണ്ടെത്താൻ സാധിക്കൂ എന്നും സുധാകരൻ പറഞ്ഞു.

എഐ കാമറ വേണ്ടിവരും: സതീശൻ

കൊച്ചി

ഭാവിയിൽ കേരളത്തിലെ റോഡുകളിൽ എഐ കാമറകൾ വേണ്ടിവരുമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. എഐ കാമറ വിവാദത്തിൽ കോടതിയെ സമീപിക്കണോ എന്ന കാര്യം ആലോചിച്ച് തീരുമാനിക്കുമെന്നും സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

■ കേരളത്തിൽ 1.20 ലക്ഷം പേർ എഴുതി

ഉത്തരക്കടലാസ് ഇല്ല; കോഴിക്കോട് നീറ്റ് പരീക്ഷ ഒന്നര മണിക്കൂർ വൈകി

തിരുവനന്തപുരം

സംസ്ഥാനത്ത് 16 നഗരകേന്ദ്രത്തിലായി 1.20 ലക്ഷം വിദ്യാർഥികൾ മെഡിക്കൽ, അനുബന്ധ കോഴ്സുകളിലേക്കുള്ള ഏകീകൃത ദേശീയ പ്രവേശന പരീക്ഷയായ നീറ്റ് യുജി എഴുതി. ആവശ്യത്തിന് ഉത്തരക്കടലാസ് (ഒഎംആർ ഷീറ്റ്) ഇല്ലാത്തതിനാൽ കോഴിക്കോട്ട് ഒരു കേന്ദ്രത്തിലെ മൂന്നു ഹാളിൽ പരീക്ഷ പൂർത്തിയാകാൻ ഒന്നര മണിക്കൂർ വൈകി. മറ്റൊരു കേന്ദ്രത്തിൽ ഉത്തരക്കടലാസ് മാറി നൽകിയതിനെത്തുടർന്ന് രക്ഷിതാക്കൾ രാത്രിവരെ പ്രതിഷേധിച്ചു. കോട്ടയത്ത് ഒരു കേന്ദ്രത്തിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ വൈകി.

കോഴിക്കോട് ഈങ്ങാപ്പുഴ മാർ ബസേലിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് മൂന്നു ഹാളിൽ പരീക്ഷ വൈകി പൂർത്തിയായത്. ഉത്തരക്കടലാസ് വിതരണം കഴിഞ്ഞപ്പോൾ 50 കുട്ടികൾക്ക് ലഭിച്ചില്ല. ഇവിടെ പരീക്ഷയ്ക്ക് എത്താതിരുന്ന 23 പേരുടെ ഉത്തരക്കടലാസ് മാറ്റി നൽകി. സമീപ സ്കൂളിൽ പരീക്ഷയ്ക്ക് എത്താതിരുന്നവരുടെ ഉത്തരക്കടലാസ് എത്തിച്ചപ്പോഴേക്കും ഒന്നരമണിക്കൂർ വൈകി. പകൽ രണ്ടിനുമുമ്പ് ഹാളിലെത്തിയവർ പുറത്തിറങ്ങിയത് രാത്രി 7.30ന്. ഇതോടെ പുറത്ത് രക്ഷിതാക്കൾ ബഹളം വച്ചു.

കോഴിക്കോട് ഫറോക്കിലെ അൽഫറൂഖ് റസിഡൻഷ്യൽ സ്കൂളിലെ ഒരു ഹാളിൽ ഉത്തരക്കടലാസ് മാറി നൽകിയത് ബഹളത്തിന് കാരണമായി. പരീക്ഷയ്ക്ക് എത്താതിരുന്ന കുട്ടിയുടെ ഒഎംആർ ഷീറ്റ് അടുത്ത കുട്ടിക്ക് നൽകി. ഈ കുട്ടിക്ക് കിട്ടേണ്ട ഒഎംആർ ഷീറ്റിൽ മറ്റൊരു കുട്ടി ഉത്തരം രേഖപ്പെടുത്താൻ തുടങ്ങിയിരുന്നു. തുടർന്ന് ഇത് തിരിച്ചുവാങ്ങി യഥാർഥ വിദ്യാർഥിക്കുതന്നെ നൽകി. കുട്ടികൾ പുറത്തിറങ്ങിയപ്പോഴാണ് രക്ഷിതാക്കൾ വിവരം അറിഞ്ഞത്. ഉത്തരക്കടലാസ് മാറിയാലും പ്രശ്നം പരിഹരിക്കപ്പെടുമെന്ന് അധികൃതർ അറിയിച്ചെങ്കിലും രേഖാമൂലം വേണമെന്ന് ആവശ്യപ്പെട്ട് രാത്രിവരെ രക്ഷിതാക്കളുടെ പ്രതിഷേധം തുടർന്നു.കോട്ടയം പുതുപ്പള്ളി ചാന്നാനിക്കാട് എസ്എൻ സ്കൂളിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ വൈകിയതിനെത്തുടർന്ന് ‘കൂൾ ഓഫ് ടൈം’ പലർക്കും നഷ്ടമായി എന്ന് ആക്ഷേപം ഉയർന്നു.

ഇഎസ്ഐ ചികിത്സ ഇനി സ്വകാര്യ ആശുപത്രികളിൽ ഇല്ല

സ്വന്തം ലേഖകൻ

കൊല്ലം

കേന്ദ്രത്തിന്റെ ഉത്തരവ് ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ചികിത്സ നിഷേധിക്കുന്നു

ഇഎസ്ഐ കോർപറേഷൻ ആശുപത്രികളിൽ ലഭ്യമല്ലാത്ത വിദഗ്ധ ചികിത്സയ്ക്ക് സ്വകാര്യആശുപത്രികളിലേക്ക് നിർദേശിക്കുന്നത് നിർത്തലാക്കി ഉത്തരവ്. ഇഎസ്ഐ ആശുപത്രികളിൽനിന്ന് ഇനിമുതൽ സർക്കാർ ആശുപത്രികളിലേക്ക് മാത്രം രോഗികളെ നിർദേശിച്ചാൽ മതിയെന്നാണ് കേന്ദ്ര സർക്കാർ തീരുമാനം. ഇഎസ്ഐസി മെഡിക്കൽ കമീഷണർ രേഷ്മ വർമ ഏപ്രിൽ 29നാണ് ഉത്തരവിറക്കിയത്. ഇതോടെ ഇഎസ്ഐ കോർപറേഷനുമായി കരാറുള്ള സ്വകാര്യ ആശുപത്രികളിൽ പണം നൽകാതെ ചികിത്സ ലഭ്യമാകുന്ന സൗകര്യം ഇല്ലാതാകും. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ചികിത്സ നിഷേധിക്കപ്പെടും.

ഇഎസ്ഐ നിയമത്തിലെ സെക്ഷൻ 59 ഉപവകുപ്പ് 2 പ്രകാരം ചികിത്സാ മാനദണ്ഡങ്ങളിൽ പ്രധാന മാറ്റം വരുത്തുമ്പോൾ തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പ്രതിനിധികൾ കൂടി അംഗങ്ങളായ ഇഎസ്ഐ കോർപറേഷൻ ബോർഡിന്റെ അനുമതിയുണ്ടാകണം. ഇത് ലംഘിച്ചാണ് ഉത്തരവ്. എയിംസ്, ജിപ്മർ പോലുള്ള സർക്കാർ ആശുപത്രികളിലേക്ക് നിർദേശിക്കാമെന്നും ഉത്തരവിൽ പറയുന്നു.

ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ചികിത്സ നിഷേധിക്കുന്ന ഉത്തരവ് പിൻവലിക്കണമെന്ന് കശുവണ്ടി വികസന കോർപറേഷൻ ചെയർമാൻ എസ് ജയമോഹൻ ആവശ്യപ്പെട്ടു.



ഇഎസ്ഐ കോർപറേഷൻ ഇറക്കിയ ഉത്തരവിന്റെ പകർപ്പ്